**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 650** | **08-10-2024 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായത്തിന്റെ ആധുനികീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത വ്യവസായ മേഖലയിൽ ഉൾപ്പെടുന്ന കയർ വ്യവസായത്തിന്റെ ആധുനീകകരണത്തിന് എന്തെല്ലാം നടപടികളാണ് വിഭാവനം ചെയ്യുന്നത്; വിശദമാക്കുമോ; | (എ) | നിലവിലുള്ള ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷിനുകളുടെയും ഡീഫൈബെറിംഗ് മെഷീനുകളുടെയും പ്രവർത്തനം മെച്ചപെട്ടുത്തുന്നതിനുവേണ്ടി തുടർച്ചയായി സാങ്കേതിക സേവനം നൽകുന്നതിനും അറ്റകുറ്റപ്പണികൾ ഏറ്റെടുത്തു നടത്തുന്നതിനും തൊഴിലാളികൾക്കാവശ്യമായ നൈപുണ്യ വികസന പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 1.47 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ അടുത്ത അഞ്ച് വർഷത്തേക്ക് എല്ലാ യന്ത്രങ്ങൾക്കും "ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് (എ.എം.സി)" നടപ്പിലാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>വിപണന സാധ്യതയുള്ള, വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് തൊഴിലാളികൾക്ക് വിവിധ ഘട്ടങ്ങളിലായി വിദഗ്ധ പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. ഓൺലൈൻ വിപണനത്തിനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വരുന്നു. ഇൻകം സപ്പോർട്ട് പദ്ധതിയിലുള്ള കൂലിവിഹിതം കയർ തൊഴിലാളികൾക്ക് ആധാർ ലിങ്ക്ഡ് ബാങ്ക് അക്കൗണ്ടുകൾ വഴി നൽകി വരുന്നു. ഇതിന് പുറമേ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികളും കയർ ഭൂവസ്ത്രത്തിന്റെ വിപണന സാധ്യത പ്രയോജനപ്പെടുത്താനുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ച വിദഗ്ദസമിതിയുടെ ശിപാർശയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച വിദഗ്ധസമിതിയുടെ ഇടക്കാല റിപ്പോർട്ട് പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് കയർ മേഖലയിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളുടെയും സെൻസസ് പൂർത്തീകരിച്ചിട്ടുണ്ട്. ഇൻകം സപ്പോർട്ട് പദ്ധതിയിലുള്ള കൂലിവിഹിതം കയർ തൊഴിലാളികൾക്ക് ആധാർ ലിങ്ക്ഡ് ബാങ്ക് അക്കൗണ്ടുകൾ വഴി നേരിട്ട് നൽകുന്ന രീതിയിൽ പരിഷ്കരിച്ചു.<br><br>2023-24 സാമ്പത്തികവർഷം 300 സ്ത്രീകൾക്ക് സ്റ്റൈപ്പന്റോടുകൂടി ഇ-റാട്ട്, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷിൻ, ഫ്രെയിം മാറ്റ് എന്നിവയിലുള്ള പരിശീലനം എന്നിവ ഇതിനോടകം നൽകിയിട്ടുണ്ട്.<br><br>മെഷിനറികളുടെ മെയിന്റനൻസ് സമയോചിതമായി നടത്തികൊടുക്കുവാനും, സ്പെയർ പാർട്ടുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനുമായി ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് നടപ്പിലാക്കുന്നതിന് കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയ്ക്ക് 4.48കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തൊഴിലാളികൾക്കാവശ്യമായ നൈപുണ്യ വികസന പരിശീലനങ്ങൾ ലഭ്യമാക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം 1.47 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>നവീന ഡിസൈനുകളിൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകി വരുന്നു. വിപണിമൂല്യമുള്ള ഉൽപന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി പരിശീലന പരിപാടി കേരള സ്റ്റേറ്റ് കയർ കോർപറേഷൻ ആരംഭിച്ചിട്ടുണ്ട്. ആദ്യ രണ്ട് ബാച്ച് ട്രെയിനിംഗ് പൂർത്തീകരിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ ഭോപ്പാലുമായി ചേർന്ന് കേരള സ്റ്റേറ്റ് കയർ കോർപറേഷൻ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ